# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5344 — 31-10-2016-ൽ മറുപടിക്ക്

### നിർദ്ദേശ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ യുദ്ധക്കപ്പൽ രൂപകൽപ്പന കേന്ദ്രമായ നിർദ്ദേശ് പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) പദ്ധതിയുടെ അന്തിമ അംഗീകാരത്തിനായുള്ള ഫയൽ കേന്ദ്ര ധനകാര്യ മന്ത്രാലയം തിരിച്ചയച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നിർദ്ദേശ് (National Institute for Research and Development in Defence ship building) നേരിട്ട് നടത്തിവരുന്ന ഈ പദ്ധതിയ്ക്കുവേണ്ടി രണ്ടര കോടി ചെലവിൽ ഒരു താൽക്കാലിക ഹെഡ് ഓഫീസ് മന്ദിരം 8000 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ കോഴിക്കോട് സൈറ്റിൽ തയ്യാറായിട്ടുണ്ട്. ഇവിടെ ട്രയിനിങ്ങ് വർക്ക് ഷോപ്പുകളും, ഐ.ഐ.റ്റി.യുമായി സഹകരിച്ച് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് പ്രോജക്ടുകളും തുടങ്ങി കഴിഞ്ഞു. ഈ പദ്ധതി നിർത്തലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും ഔദ്യോഗിക അറിയിപ്പൊന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. |
| (സി) അഞ്ചു വർഷം മുമ്പ് തറക്കല്ലിട്ട ഈ പദ്ധതിക്ക് സംസ്ഥാന സർക്കാർ 40 ഏക്കർ ഭൂമി സൗജന്യമായി നൽകിയ കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (സി) | പ്രസ്തുത പദ്ധതിക്കുവേണ്ടി 40.52 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ സൗജന്യമായി നൽകിയിട്ടുണ്ട്. |
| (ഡി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ നാമമാത്രമായ മലബാർ പ്രദേശത്ത് അനുവദിച്ചു കിട്ടിയ ഈ സ്ഥാപനം നിലനിർത്താൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ